# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


NO.C.1/SPST/2025/0431 06.03.2025

## ക്വട്ടേഷൻ നോട്ടീസ്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ 1200ാം മാണ്ട് പൈങ്കുനി ഉത്സവം പ്രമാണിച്ച് 11.04.2025 ആറാട്ട് ദിവസം എയർപോർട്ടിനകത്ത് നിന്ന് ആറാട്ട് കടവ് വരെയും, തിരിച്ച് ആറാട്ട് കടവിൽ നിന്നും ക്ഷേത്രത്തിന്റെ പടിഞ്ഞാറേ നട വരെയും മിനിലോറിയിൽ **200** വാൾട്ടിന്റെ **8** ഹാലജൻ ലൈററുകൾ ഘടിപ്പിച്ച് അനുഗമിക്കുന്നതിന് എല്ലാ ചിലവുകളും ഉൾപ്പെടെയുള്ള (ജി.എസ്.ററി അടക്കം) തുക കാണിച്ച് ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ **17.03.2025**ന് രാവിലെ 11.00 മണിയ്ക്കകം മതിലകം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

അന്നേ ദിവസം രാവിലെ 11.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൾ ടി പണി കൃത്യനിഷ്ഠയോടു കൂടിയും, പരാതി വരാതെയും ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ഉത്സവത്തിന് മിനിലോറിയിൽ ഹാലജൻ ലൈററ് ഘടിപ്പിച്ച് ഉത്സവ വാഹനം അനുഗമിക്കുന്നതിനു വേണ്ടിയുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

KKB

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, , നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.

# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


NO.C.1/SPST/2025/0431 06.03.2025

## ക്വട്ടേഷൻ നോട്ടീസ്

വിഷയം:- പൈങ്കുനി ഉൽസവം 2025 ശീവേലിപ്പുരയിൽ മേൽക്കെട്ടി കെട്ടുന്നതു സംബന്ധിച്ച്

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ പൈങ്കുനി ഉൽസവകലശം തുടങ്ങുന്നതിനു ഒരാഴ്ച മുൻപ് (25.03.2025) തീരത്തക്കവണ്ണം ജോലി തീർക്കുന്ന രീതിയിൽ അകത്തെ ചെറു ചുറ്റിലും ശീവേലിപ്പുരയിലും മേൽക്കട്ടികൾ,ജാലറുകൾ ഇവ മതിലകം മുതൽപിടിയിൽ നിന്നും ഏറ്റുവാങ്ങി ഭംഗിയായി കെട്ടുകയും,ഉൽസവംകഴിഞ്ഞ് 5 ദിവസത്തിനുള്ളിൽ ശീവേലിപ്പുരയിൽകെട്ടിയിരിക്കുന്ന ജാലറി,മേൽക്കട്ടി തുടങ്ങിയവ അഴിച്ചെടുത്ത് വെയിലിൽഉണക്കിയശേഷം കൃത്യമായ ചതുരത്തിൽ മടക്കി വൃത്തിയാക്കി ക്ഷേത്രത്തിലെ മുതൽപിടിയെ ഏൽപിക്കുകയും ചെയ്യേണ്ടതാകുന്നു.

മേൽപറഞ്ഞ ജോലികൾ കുത്തകാടിസ്ഥാനത്തിൽ നടത്തുന്നതിന് താൽപര്യമുള്ള ഹിന്ദുമതവിശ്വാസികളിൽ നിന്നും പ്രതിഫലം (ജി.എസ്.ററി ഉൽപ്പെടെ) എഴുതിയ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ **17.03.2025** രാവിലെ 11.00 മണിയ്ക്കു മുൻപായി മതിലകം ഓഫീസിൽ സമർപ്പിക്കേണ്ടതാകുന്നു. അന്നേ ദിവസം രാവിലെ 11.30 മണിയ്ക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നുപരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ, നിരസിക്കുവാനോ ഉള്ള പൂർണ്ണ അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **ശീവേലിപ്പുരയിൽ മേൽക്കെട്ടി കെട്ടുന്നതിനായുള്ള ക്വട്ടേഷൻ'** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

KKB

പകർപ്പ്:-എ.ഒ.,എഫ്.എ.ഒ, മാനേജർ,അസി:അക്കൗണ്ട്സ് ഓഫിസർ, ആഡിററ്, നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ

**Sree Padmanabha Swamy Temple**
Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com

NO.C.1/SPST/2025/0431 06.03.2025

## <u>ക്വട്ടേഷൻ നോട്ടീസ്</u>

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 2025 പൈങ്കുനി ഉൽസവത്തോടനുബന്ധിച്ച് കിഴക്കേ നടയിൽ പടികെട്ടിന് താഴെ 32*20= 640 സ്വക്യർ ഫീററിൽ ഒരു സ്റ്റേജും, ക്ഷേത്രത്തിനകത്ത് ശ്രീപാദം നടയ്ക്ക് സമീപം 24*20=480 സ്വക്യർ ഫീററിൽ ഒരു സ്റ്റേജും കെട്ടുന്നതിന് ആയതിനുള്ള തുക (ജി.എസ്.ററി ഉൾപ്പെടെ) രേഖപ്പെടുത്തി കൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സമർപ്പിക്കാൻ താൽപ്പര്യമുള്ളവർ 17.03.2025 രാവിലെ 11.00 മണിയ്ക്ക് മുൻപേ മതിലകം ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ സീൽഡ് കവറിൽ സമർപ്പിക്കേണ്ടതാണ്.

ലഭിക്കുന്ന ക്വട്ടേഷൻ അന്നേദിവസം രാവിലെ 11.30 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൽ 30.03..2025 വൈകുന്നേരം 5 മണിയ്ക്കു മുൻപ് കിഴക്കേനടയിലെ പടികെട്ടിന് താഴെയുള്ളതും, ശ്രീപാദം നടയിലെ സ്റ്റേജുകൾ കെട്ടി പണിപൂർത്തീകരിച്ചിരിക്കണം. ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ഉത്സവത്തിനായുള്ള കിഴക്കേനടയിലും, ശ്രീപാദം നടയിലേക്കുമുള്ള സ്റ്റേജുകൾക്കായുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, , നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.

KKB

# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building,North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


NO.C.1/SPST/2025/0431 06.03.2025

## ക്വട്ടേഷൻ നോട്ടീസ്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2025ലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച് 10.04.2025 ൽ നടക്കുന്ന പള്ളിവേട്ടയ്ക്കും, 11.04.2025 ൽ നടക്കുന്ന ആറാട്ടിനും പടിഞ്ഞാറേ നട മുതൽ വേട്ടക്കളം വരെയും , വേട്ടക്കളം മുതൽ വടക്കേനട വരെയും ഭക്തജനങ്ങളെ നിയന്ത്രിച്ച് ടി ചടങ്ങുകൾ സുഗമമായി നടത്തുനതിനുമായി 875 അടി നീളത്തിലും,കൂടാതെ ആറാട്ട് നടക്കുന്ന ശംഖുമുഖം ഭാഗത്ത് ഉദ്ദേശം 300 അടി നീളത്തിലും താൽക്കാലിക ബാരിക്കേടുകൾ സ്ഥാപിക്കാനും , മൂന്ന് ഡിസ്പ്ലേ റ്റി.വി വോൾ സ്ഥാപിക്കുന്നതിനുള്ള സ്റ്റാൻഡുകൾക്കുമായി ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. പ്രസ്തുത ജോലികൾ എത്ര രൂപ (ജി.എസ്.റ്റി) ഉൾപ്പെടെ) പ്രതിഫലം പറ്റിക്കൊണ്ട് പണി തീർക്കാമെന്ന് കാണിച്ച് ക്വട്ടേഷൻ സമർപ്പിക്കുവാൻ താൽപ്പര്യമുള്ളവർ 17.03.2025 ന് രാവിലെ 11.00 മണിയ്ക്കകം ക്ഷേത്ര ഓഫിസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. ലഭിക്കുന്ന ക്വട്ടേഷൻ അന്നേദിവസം രാവിലെ 11.30 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. പരിശോധനയിൽ ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും , സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൾ പള്ളിവേട്ടയ്ക്കും, ആറാട്ടിനും രണ്ട് ദിവസം മുൻപ് അതാത് സ്ഥലങ്ങളിലെ ബാരിക്കേടുകൾ പൂർത്തീകരിച്ചിരിക്കണം.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ബാരിക്കേടിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാകുന്നു..

എക്സിക്യൂട്ടീവ് ഓഫീസർ

KKB

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, സിസ്റ്റം ഓഫിസർ, സെർവർ ക്ലാർക്ക്, ആഡിററ്, , നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.

**Sree Padmanabha Swamy Temple**
Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com

NO.C.1/SPST/2025/0431 06.03.2025

# <u>ക്വട്ടേഷൻ നോട്ടീസ്</u>

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 2025 പൈങ്കുനി ഉത്സവം പ്രമാണിച്ച് കലശങ്ങളും, ഉത്സവശ്രീബലികളും വഴിപാടായി നടത്തുന്ന ഭക്തന്മാർക്ക് പ്രസാദം കൊടുക്കുന്നതിലേയ്ക്ക് 40 ഗ്രാമിന്റെ വെള്ളിയിലുള്ള 20 ചെറിയ വെള്ളിതട്ടങ്ങളും 20 ചെറിയ വെള്ളി കുടങ്ങളും തയ്യാർ ചെയ്ത് 2025 മാർച്ച് 25-ാം തീയതി വൈകുന്നരം 5 മണിയ്ക്കകം തരേണ്ടതാണ്. ആയതിനുള്ള തുക രേഖപ്പെടുത്തി കൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 17.03.2025ന് രാവിലെ 11.00 മണിയ്ക്കകം മതിലകം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

അന്നേ ദിവസം രാവിലെ 11.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൽ ടി സാധനങ്ങൾ തയ്യാർ ചെയ്ത് 2025 മാർച്ച് 25-ാം തീയതി വൈകുന്നേരം 5 മണിയ്ക്കകം തരേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ അപ്രൈസറെകൊണ്ട് പരിശോധിപ്പിക്കുന്നതും ആയതിന്റെ പ്യൂരിറ്റി നോക്കുന്നതുമാണ്. ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ഉത്സവത്തിനായുള്ള വെള്ളിക്കുടങ്ങളും, വെള്ളിത്തട്ടങ്ങൾക്കുമായുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, സിസ്റ്റം ഓഫിസർ, സെർവർ ക്ലർക്ക്, ആഡിററ്, , നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലു നടയിലും, സ്റ്റോക്ക് ഫയൽ.

KKB